കർഷകരിൽ നിന്ന് ഈടാക്കുന്ന പലിശ കുറയ്ക്കാൻ നടപടി

8 (971) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ കർഷകരിൽ നിന്ന് ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ള തീരുമാനം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി നബാർഡ് പുനർവായ്പാ പദ്ധതി പ്രകാരം സംസ്ഥാനത്ത് വിതരണം ചെയ്യേണ്ട കാർഷിക വായ്പയുടെ 35 ശതമാനം, 4 ശതമാനം പലിശ നിരക്കിൽ സംസ്ഥാന സഹകരണ ബാങ്ക് മുഖേന അനുവദിക്കുന്നു. ബാക്കിയാകുന്ന 65 ശതമാനം തുക സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും അവരുടെ സ്വന്തം ഫണ്ടിൽ നിന്നും ലഭ്യമാക്കി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നൽകുന്നു. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ടി തുക 7 ശതമാനം പലിശ നിരക്കിൽ കർഷകർക്കു ലഭ്യമാക്കുന്നു. ഇപ്രകാരം 7 ശതമാനം പലിശ നിരക്കിൽ കർഷകർക്ക് വായ്പ നൽകുന്നതിന് ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും വിനിയോഗിക്കുന്ന തുകയ്ക്ക് 1½ ശതമാനം പലിശ സബ്വെൻഷൻ കേന്ദ്ര സർക്കാർ സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്നു. കൂടാതെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് നബാർഡ് മുഖേന 2 ശതമാനം പലിശ ഇളവ് ലഭിക്കുന്നു. ആയതിനാൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് കാർഷിക വായ്പ 5 ശതമാനം പലിശ നിരക്കിൽ ലഭിക്കുന്നു. മതിയായ തോതിൽ നബാർഡിൽ നിന്നും പുനർവായ്പ ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും ആവശ്യമുള്ള മുഴുവൻ കർഷർക്കും കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നെല്ലുല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നെൽകർഷകർക്കും പലിശരഹിത വായ്പ വിതരണം ചെയ്തു വരുന്നു.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ എൻ.പി.എ. നബാർഡ് നിഷ്കർഷിച്ചിട്ടുള്ള 15 ശതമാനത്തിൽ അധികരിച്ചിട്ടുള്ളതിനാലും, 2008-09 വർഷം മുതൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നെറ്റ് വർത്ത് നെഗറ്റീവ് ആയി തുടരുന്നതിനാലും കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ സെക്ഷൻ 11-ഉം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ടിന്റെ സെക്ഷൻ 42(6)(a)(i)-ഉം പാലിച്ചിട്ടില്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്

LIBRARY ARCHIVES Kerala Legislative Assembly

പുനർവായ്പാ പദ്ധതിപ്രകാരം ഹ്രസ്വകാല കാർഷിക വായ്പ ലഭ്യമാക്കുന്നതിന് സർക്കാർ ഗ്യാരണ്ടി ആവശ്യമാണ്. 2008-09 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പക്കലുണ്ടായിരുന്ന 142 കോടി രൂപയുടെ ഇന്ത്യാ ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 113 കോടി രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പ നബാർഡിൽ നിന്നും ലഭ്യമായി. ഇന്ത്യാ ഗവൺമെന്റ് സെക്യൂരിറ്റി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പക്കൽ ഇല്ലാത്തതിനാലും, സർക്കാർ ഗ്യാരണ്ടി ലഭ്യമാകാത്തതിനാലും 2009 വർഷം നബാർഡിൽ നിന്നും പുനർവായ്പ പദ്ധതി പ്രകാരം ഹ്രസ്വകാല കാർഷിക വായ്പ ലഭ്യമായിരുന്നില്ല. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കിന് നബാർഡിൽ നിന്നും പുനർവായ്പ ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല.

എസ്സി./എസ്ടി. വിഭാഗങ്ങൾക്കുള്ള വായ്പ എഴുതിത്തള്ളുന്ന പദ്ധതി

9 (972) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാർ എടുത്ത വായ്പ എഴുതിത്തള്ളുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എഴുതിത്തള്ളുന്ന വായ്പയുടെ പരിധി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ/ പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് 12-11-2009-ലെ സ.ഉ.(അച്ചടി)100/2009, 6-7-2010-ലെ സ.ഉ.(എംഎസ്.)81/ 2010/പജപവവിവ. നമ്പർ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള 25,000 രൂപ വരെയുള്ള വായ്പകളിൽ മുതൽ ഭാഗം മാത്രം എഴുതിത്തള്ളാവുന്നതും അതിനുള്ള ബാധ്യത സർക്കാർ വഹിക്കുന്നതുമാണ്. എന്നാൽ സംഘങ്ങൾ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് വിതരണം ചെയ്തിരുന്ന 25,000 രൂപ വരെയുള്ള വായ്പകളിൽ മുതലും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം ഈടാക്കിയ പലിശയും ഉൾപ്പെടെ 25,000 രൂപ വരെ എഴുതിത്തള്ളാവുന്നതും പ്രസ്തുത ബാധ്യത സർക്കാർ വഹിക്കുന്നതുമാണ്. ഇതിനു മുകളിൽ വരുന്ന പലിശ, പിഴ പലിശ, മറ്റുചെലവുകൾ എന്നിവ അതാത് സഹകരണ സംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly